# നീലക്കുറിഞ്ഞി മായുമ്പോൾ പൂത്തുലഞ്ഞ് ബ്രിട്ടീഷ് ഓർമ്മകളുടെ സ്പാത്തോഡിയ

കെ.ജെ മനോജ്

Veekshanam 04-11-18, P-12



കട്ടപ്പന: നീലക്കുറിഞ്ഞിയുടെ ദൃശ്യവസന്തം പടിയിറങ്ങുമ്പോൾ ബ്രിട്ടീഷ് അധിനിവേശകാലത്തിന്റെ സ്മരണയുണർത്തി ഇടുക്കിയുടെ മലമേഖലകളിലാകെ സ്പാത്തോഡിയ പൂക്കാലം വിരിയുന്നു. സ്കൂട്ട് എന്നുകൂടി വിളിപ്പേരുള്ള വലിയ വൃക്ഷങ്ങളാണ് ചുവപ്പിന്റെ വൈവിധ്യത്തിൽ നിറയെ പൂത്തുനിൽക്കുന്നത്. ഹൈറേഞ്ചിൽ, പ്രത്യേകിച്ച് മൂന്നാർ മേഖലയിലെ തേയിത്തോട്ടങ്ങൾക്കിടയിലാണ് സ്പാത്തോഡിയ വ്യാപകമായി ദൃശ്യവിസ്മയം തീർക്കുന്നത്.

മൂന്നാർ-മറയൂർ റൂട്ടിൽ സ്പാത്തോഡിയ പൂക്കാലം വൻതോതിൽ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഏറെ പ്രതീക്ഷകളോടെയാണ് നീലക്കുറിഞ്ഞി വസന്തത്തെ വരവേൽക്കാൻ മൂന്നാറിൽ ഒരുക്കങ്ങൾ നടത്തിയതെങ്കിലും മഴക്കെടുതി പ്രതീക്ഷകൾ തല്ലിക്കെടുത്തി. സഞ്ചാരികളുടെ എണ്ണം പേരിനുമാത്രമായിരുന്നു. റോഡുകളുടെ തകർച്ചയും പ്രളയത്തിന്റെ ആഘാതവും നീലക്കാഴ്ചയുടെ മനോഹാരിതയിൽനിന്നു ടൂറിസ്റ്റുകളെ അകറ്റി. നീലക്കുറിഞ്ഞിക്കാലം ഏതാണ്ട് അവസാനിച്ചു. ഏതാനും ഇടങ്ങളിൽ മാത്രമാണ് കുറിഞ്ഞിപ്പൂക്കൾ അവശേഷിക്കുന്നത്. മൂന്നാറിലെ ഒരു വസന്തം ശൂന്യമാകുമ്പോഴാണ് മറ്റൊരു കുളിർമയായി ചുവപ്പിന്റെ വസന്തം വിരിയുന്നത്.

മൂന്നാറിൽനിന്നു മറയൂരിലേക്കുള്ള യാത്രയിലാണ് സ്പാത്തോഡിയ മരങ്ങൾ ഏറ്റവുമധികം കാണപ്പെടുന്നത്. മരങ്ങൾക്ക് കുട ചൂടി നിൽക്കുന്ന പൂക്കളിലേറെയും ചുവപ്പും മജന്തയും ഓറഞ്ചുമാണ്. അലങ്കാരമായും തണൽമരമായും ഇപ്പോൾ ജില്ലയിലാകെ വീടുകളുടെ പരിസരങ്ങളിലും സ്പാത്തോഡിയ കാണപ്പെടുന്നുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് കടൽ കടന്നെത്തിയതാണ് സ്പാത്തോഡിയ. ബിഗ്നോണിയേസി എന്ന സസ്യ കുടുംബത്തിൽ ഉൾപ്പെടുന്ന ഇവ ആഫ്രിക്കൻ ഉഷ്ണമേഖലയിൽനിന്ന് 19-ാം നൂറ്റാണ്ടിൽ എത്തിച്ചതെന്നാണ് ചരിത്രം പറയുന്നത്. വിടർന്നുനിൽക്കുന്ന പൂക്കൾ കൊതുകുകളെ ആകർഷിച്ച് ഇതളുകൾക്കിടയിൽ ഞെരിച്ചു കുടുക്കുന്നതിനാൽ മാംസഭുക്കായ സസ്യങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടവയാണെന്ന പ്രത്യേകതയുമുണ്ട്.